LIBRARY ARCHIVES Kerala Legislative Assembly

വിവിധ തസ്തികകളിലെ അടിസ്ഥാന യോഗ്യത

62 (1926) ശ്രീ. സി. എഫ്. തോമസ് :
ശ്രീ. മോൻസ് ജോസഫ് :
ശ്രീ. തോമസ് ഉണ്ണിയാടൻ :
ശ്രീ. ടി. യു. കുരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നടത്തുന്ന വിവിധ തസ്തികകളിലെ അടിസ്ഥാന യോഗ്യത ഉയർത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ ;

(ബി) എങ്കിൽ ഇത് നടപ്പിലാക്കുന്നതുമൂലം സാധാരണക്കാരായ ഉദ്യോഗാർത്ഥികൾക്ക് അവസരങ്ങൾ നഷ്ടപ്പെടും എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ഉത്തരം

(എ&ബി) ഓരോ തസ്തികയുടെയും അടിസ്ഥാന യോഗ്യത അവ ഉൾപ്പെടുന്ന സ്പെഷ്യൽ റൂളിലാണ് വിവക്ഷിച്ചിരിക്കുന്നത്. സ്പെഷ്യൽ റൂളുകളിൽ മാറ്റം വരുത്തി അടിസ്ഥാന യോഗ്യത ഉയർത്തുന്നത് അതാത് വകുപ്പുകളാണ്. പൊതു തസ്തികകളുടെ അടിസ്ഥാന യോഗ്യത ഉയർത്തുന്ന കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല

ലാസ്റ്റ് ഗ്രേഡ് തസ്തികകൾ നിർത്തലാക്കി പുറംകരാർ സംബന്ധിച്ച്

63 (1927) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ലാസ്റ്റ് ഗ്രേഡ് തസ്തികകൾ നിർത്തലാക്കി പുറംകരാർ നൽകാൻ തീരുമാനിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ ;

(സി) ഏത് കമ്പനിക്കാണ് പുറംകരാർ നൽകിയിട്ടുള്ളത് ;

(ഡി) ഇതുസംബന്ധിച്ച് ടെണ്ടർ വിളിച്ചിട്ടുണ്ടോ ;

(ഇ) ഉണ്ടെങ്കിൽ ടെണ്ടർ നടപടികളുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(എഫ്) ഏതെല്ലാം വകുപ്പുകളിലാണ് പുറംകരാർ നല്കി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത് ;

(ജി) ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ?